**പതിമൂന്നാം കേരള നിയമസഭ**

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2133

**17.06.2014 – ലെ മറുപടിയ്ക്ക്**

**ലോക്കൽ ഫണ്ട് ഓഡിറ്റിനെ സംസ്ഥാനത്തിന്റെ ഓഡിറ്റ് വകുപ്പാക്കാൻ നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| **ഡോ. എൻ.ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.പി.സി.ജോർജ്ജ്** | **ശ്രീ. കെ.എം.മാണി**<br>**ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി** |
| (എ) ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നവീകരണം ലക്ഷ്യമിട്ട് എന്തെല്ലാം കാര്യങ്ങൾ പ്രാവർത്തികമാക്കിയെന്ന് അറിയിക്കാമോ? | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ നവീകരണത്തിന്റെ ഭാഗമായി ഡയറക്ടറേറ്റും ജില്ലാ ഓഫീസുകളും സബ് ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ഓഡിറ്റ് കാര്യക്ഷമ മാക്കുന്നതിനും റിപ്പോർട്ടുകൾ സമയബന്ധിത മായി പുറപ്പെടുവിക്കുന്നതിനും സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുമായി നിർമ്മിച്ച് നടപ്പിലാക്കി വരുന്ന ഓഡിറ്റ് ഇൻഫോർമേഷൻ & മാനേജ്മെന്റ് സിസ്റ്റം സോഫ്റ്റ് വെയർ പൂർണ്ണമായി വകുപ്പിൽ നടപ്പിലാക്കുമ്പോൾ ഓഡിറ്റ് പ്ലാൻ മുതൽ റിപ്പോർട്ട് വരെയുള്ള പ്രവർത്തികൾ സോഫ്റ്റ് വെയർ ഉപയോഗിച്ച് |

| | |
|---|---|
| | നിർവ്വഹിക്കുന്നതിന് സാധിക്കും. കൂടാതെ ഓഡിറ്റ് ഓഫീസർമാർക്ക് ലാപ്ടോപ്പ് വിതരണം, പതിനാല് ജില്ലാ ഓഫീസുകൾക്കും പുതിയ വാഹനങ്ങൾ വാങ്ങൽ, ഡയറക്ടറേറ്റിന്റെ മെയിൻഹാൾ, അനക്സ് എന്നിവയുടെ നവീകരണം, വകുപ്പിലെ മുഴുവൻ ജീവനക്കാർക്കും ഓഡിറ്റ് റിഫ്രഷർ ട്രെയിനിംഗ് നൽകുന്നതിനോടൊപ്പം, ഐ.എം.ജി, ധനകാര്യ വകുപ്പ് ട്രെയിനിംഗ് സെന്റർ എന്നിവ വഴിയുള്ള അധിക പരിശീലനങ്ങൾ, അദാലത്തുകൾ നടത്തൽ, ജീവനക്കാർക്ക് ഐഡന്റിറ്റികാർഡ് വിതരണം, ഡെപ്യൂട്ടി ഡയറക്ടർ മുതൽ ഡയറക്ടർ വരെയുള്ള 5 തസ്തികകളുടെ ശമ്പള സ്കെയിലുകൾ ഉയർത്തൽ, അധിക തസ്തികകൾ അനുവദിക്കൽ, സെലക്ഷൻ ഗ്രേഡ് തസ്തിക അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസറാക്കി പുനർനാമകരണം ചെയ്യൽ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ സ്ഥാപനങ്ങളുടെ അക്കൗണ്ട്സ് പരിശോധന ഓൺ ലൈനായി ലഭ്യമാക്കി നടത്തുന്നതിനും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

| | |
|---|---|
| (ബി) പ്രസ്തുത വകുപ്പിന്റെ ഓഡിറ്റ് പ്രവർത്തികൾ ഏതെല്ലാം സ്ഥാപനങ്ങളിലാണ് നിലവിൽ നിർവ്വഹിക്കപ്പെടുന്നതെന്ന് വ്യക്തമാക്കുമോ? | 978 ഗ്രാമപഞ്ചായത്തുകൾ, 152 ബ്ലോക്ക് പഞ്ചായത്തുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 60 മുനിസിപ്പാലിറ്റികൾ, 5 മുനിസിപ്പൽ കോർപ്പറേഷനുകൾ, 10 സർവ്വകലാശാലകൾ, കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്, ദേവസ്വം ബോർഡുകൾ, സാസ്കാരിക സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ എന്നിവ ഉൾപ്പെടെ 8863 സ്ഥാപനങ്ങളുടെ ഓഡിറ്റ്, ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിർവ്വഹിക്കുന്നു. |
| (സി) ഇപ്രകാരം ഓഡിറ്റ് ചെയ്യപ്പെടുന്ന സ്ഥാപനങ്ങളുടെ മാന്വൽ തയ്യാറാക്കാൻ പദ്ധതിയുണ്ടോ? വിശദാംശങ്ങൾ നൽകുമോ? | വകുപ്പിന്റെ ഓഡിറ്റ് പരിധിയിലുള്ള സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ ഓഡിറ്റ് മാന്വൽ തയ്യാറാക്കുന്നതിനുള്ള ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ ശുപാർശ സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഡി) സംസ്ഥാനത്തിന്റെ ഓഡിറ്റ് വകുപ്പായി ലോക്കൽ ഫണ്ട് ഓഡിറ്റിനെ ഉയർത്തുവാൻ നടപടി സ്വീകരിക്കുമോ? | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന്റെ പേര് "കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്" എന്ന് പുനർ നാമകരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

(signature)

സെക്ഷൻ ഓഫീസർ